## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1702** — **21/1/2014- ൽ മറുപടിയ്ക്ക്**

## റബ്ബർ കൃഷിയും ടയർ വില നിലവാരവും

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എളമരം കരീം** | **ശ്രീ. കെ.പി. മോഹനൻ**<br>(ബഹു.കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ഇന്ത്യയിലെ റബ്ബർ ഉല്പാദനത്തിന്റെ എത്രശതമാനം സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ; റബ്ബർ ഉല്പാദന മേഖലയിൽ എത്ര കൃഷിക്കാർ ഉള്ളതായി കണക്കാക്കുന്നു; ഇവരിൽ വൻകിട ഉല്പാദകർ എത്ര; ചെറുകിട ഉല്പാദകർ എത്ര; | (എ) ഇന്ത്യയിലെ റബ്ബർ ഉല്പ്പാദനത്തിന്റെ 75.7% നമ്മുടെ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നുണ്ട്. റബ്ബർ ഉല്പാദന മേഖലയിൽ കേരളത്തിൽ 7 വൻകിട ഉൽപ്പാദകർ ഉണ്ട്. ചെറുകിട റബ്ബർ ഉല്പാദകരെ സംബന്ധിച്ച് വിവരങ്ങൾ ലഭ്യമല്ല. |
| (ബി) റബ്ബർ അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന വൻകിട ടയർ കമ്പനികൾ എത്രയുണ്ടെന്ന് വിവരം ലഭ്യമാക്കാമോ; വൻകിട ടയർ നിർമ്മാണ കമ്പനികളിൽ സംസ്ഥാനത്ത് രജിസ്റ്റേഡ് ഓഫീസിലുള്ളവ എത്ര; സംസ്ഥാനത്തിന് പുറത്ത് രജിസ്റ്റേഡ് ഓഫീസുള്ളവ എത്ര; | (ബി) റബ്ബർ അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന 6 വൻകിട ടയർ നിർമ്മാണ കമ്പനികൾ കേരളത്തിലുണ്ട്. ഇവയിൽ 5 എണ്ണത്തിന് സംസ്ഥാനത്തിനകത്തും സംസ്ഥാനത്തിന് പുറത്തും ബ്രാഞ്ചുകൾ ഉണ്ട്. ഒരെണ്ണത്തിന് സംസ്ഥാനത്തിന് പുറത്ത് രജിസ്ട്രേഷൻ ഇല്ല. |
| (സി) സ്വാഭാവിക റബ്ബറിന്റെ വില കുറയുമ്പോഴും ടയർ വില വർഷം തോറും വർദ്ധിക്കുകയാണെന്നറിയാമോ; കഴിഞ്ഞ മൂന്ന് വർഷത്തെ പ്രധാന സീസണുകളിലെ | (സി) സ്വാഭാവിക റബ്ബറിന്റെ വില കുറയുമ്പോഴും ടയർ വില വർഷം തോറും വർദ്ധിക്കുകയാണെന്ന് ലഭ്യമായ വിവരങ്ങൾ സൂചിപ്പിക്കുന്നത്. കഴിഞ്ഞ മൂന്ന് വർഷത്തെ റബ്ബറിന്റെ വിലയും ടയറിന്റെ ശരാശരി വിലയും താഴെ കൊടുത്തിരിക്കുന്നു. |

സ്വാഭാവിക റബ്ബറിന്റെ വിലയും, അതേ സമയത്തെ ടയറിന്റെ വിലയും താരതമ്യം ചെയ്ത് വിശദമാക്കാമോ;

**A) അപ്പോളോ ടയേഴ്സ്.**

| വർഷം | സ്വാഭാവിക റബ്ബറിന്റെ വില (രൂപ/ കിലോഗ്രാം) | ടയറിന്റെ വില (ഒരു ടയറിന്) | | |
|---|---|---|---|---|
| | | ട്രക്ക് | കാർ | ഇരു ചക്ര വാഹനം |
| 2012 | 200/-രൂപ | 13600/-രൂപ | 3200/- രൂപ | 1800/-രൂപ |
| 2013 | 180 രൂപ | 16000/-രൂപ | 4000/- രൂപ | 2000/- രൂപ |
| 2014 | 130/-രൂപ | 18000/-രൂപ | 5200/- രൂപ | 2400/- രൂപ |

**B) ഗുഡ് ഇയർ ഇന്ത്യാ ലിമിറ്റഡ്.**

| വർഷം | സ്വാഭാവിക റബ്ബറിന്റെ വില (രൂപ/ കിലോഗ്രാം) | ടയറിന്റെ വില (ഒരു ടയറിന്) | | |
|---|---|---|---|---|
| | | ട്രക്ക് | കാർ | ഇരുചക്ര വാഹനം |
| 2012 | 200/-രൂപ | 11505/- രൂപ | 6510/-രൂപ | 2505/- രൂപ |
| 2013 | 180/-രൂപ | 11545/- രൂപ | 6590/-രൂപ | 2538/- രൂപ |
| 2014 | 130/-രൂപ | 11645/- രൂപ | 6610/-രൂപ | 2538/- രൂപ |

(ഡി) ടയർ ഉല്പാദിപ്പിച്ച് വില്പന നടത്തുന്ന കമ്പനികൾ നൽകുന്ന നികുതിയുടെ എത്ര ശതമാനം കേരളത്തിന് ലഭിക്കുന്നുണ്ട് എന്നു വ്യക്തമാക്കാമോ?

(ഡി) ടയർ ഉൽപ്പാദിപ്പിച്ച് വില്പന നടത്തുന്ന കമ്പനികൾ 60 % KVAT Act ലും 40% CST Act ലും നികുതി അടയ്ക്കുന്നു. മറ്റുള്ള സംസ്ഥാനങ്ങളിൽ നിന്നും Stock Transfer ആയി ചില കമ്പനികൾ കേരളത്തിൽ ടയർ കൊണ്ടുവരുന്നുണ്ട്. അത് Local Sale നടത്തുകയും ചെയ്യുന്നു. ഈ സാഹര്യത്തിൽ 100% നികുതിയും സംസ്ഥാനത്തിന് ലഭിയ്ക്കുന്നു.

Sreelatha

**സെക്ഷൻ ഓഫീസർ**